II. അടിയന്തിരപ്രമേയം

ഇലക്ട്രോണിക് വൈദ്യുതി മീറ്റർ സംവിധാനംമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

മി. സ്പീക്കർ: ഗുണനിലവാരമില്ലാത്ത ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങിക്കൂട്ടി ഉപഭോക്താക്കൾക്ക് വിതരണം ചെയ്തതിനെത്തുടർന്ന് വൈദ്യുതി ബില്ലിൽ അസാധാരണമാംവിധം ഗണ്യമായ വർദ്ധനവ് ഉണ്ടായിരിക്കുന്നതിനാൽ പത്തു ലക്ഷത്തോളം ഉപഭോക്താക്കൾ അങ്കലാപ്പിലായിരിക്കുന്നു എന്നും വ്യാപകമായി ഉന്നയിക്കപ്പെട്ട പരാതികൾ പരിഹരിക്കാൻ കൂട്ടാക്കാതെ ഗുണമേന്മ ഉറപ്പുവരുത്താത്ത ഇലക്ട്രോണിക് മീറ്ററുകൾ വീണ്ടും അടിച്ചേൽപ്പിക്കുന്നതിനാൽ അങ്കലാപ്പിലും ആശങ്കയിലുമായിരിക്കുന്ന വൈദ്യുതി ഉപഭോക്താക്കൾ സെക്ഷൻ ഓഫീസുകൾക്കു മുന്നിൽ പ്രക്ഷോഭണങ്ങൾ ശക്തമാക്കിയിരിക്കുന്നതിനെത്തുടർന്ന് ഉളവായിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. എം. വി. ജയരാജൻ, കെ. പി. രാജേന്ദ്രൻ, എ.സി. ഷൺമുഖദാസ്, വി. സി. കബീർ, പി.സി. ജോർജ്ജ്, എ. എ. അസീസ്, ഡോ. കെ. സി. ജോസഫ്, ഡോ. എ. നീലലോഹിതദാസൻ നാടാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് യഥാർത്ഥത്തിൽ അടിയന്തിര പ്രമേയത്തിൽ വരുന്നതല്ല. പിന്നെ പ്രാധാന്യമുള്ള വിഷയമായതുകൊണ്ട് ഇതൊരു അടിയന്തിര പ്രമേയ രൂപേണ അവതരിപ്പിക്കാൻ അനുമതി നൽകിയതാണ്. ഇതേ കാര്യംതന്നെ ശ്രീ. കെ. മോഹൻകുമാർ സബ്മിഷൻ നൽകിയിരുന്നതും ഞാൻ അത് അനുവദിച്ചതുമാണ്. എങ്കിലും ഒരു സബ്മിഷന് ഉപരിയായി പ്രതിപക്ഷാംഗങ്ങൾ ഒരു അടിയന്തിര പ്രമേയം കൊണ്ടുവന്നപ്പോൾ അത് കുറച്ചുകൂടി പ്രാധാന്യത്തോടെ ചർച്ച ചെയ്യട്ടെ എന്നു കരുതി അനുവദിച്ചതാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ഈ പ്രശ്നം ഒരു തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഞാൻ വിദ്യുച്ഛക്തി വകുപ്പിന്റെ ചാർജ്ജ് എടുത്തയുടൻതന്നെ ഇക്കാര്യം പരിഹരിക്കാമെന്ന് ഒരു പത്ര സമ്മേളനത്തിലൂടെ പ്രസ്താവിച്ചിരുന്നതാണ്. ഒരു മന്ത്രിയുടെ റിക്വസ്റ്റിന് ഒരാഴ്ചത്തെ സമയം പ്രതിപക്ഷം അനുവദിക്കേണ്ടതായിരുന്നു. നിർഭാഗ്യകരമായിപ്പോയി എന്നേ ഞാൻ അതിനെക്കുറിച്ച് പറയുന്നുള്ളൂ. ഇത് പരിഹരിക്കാൻ എനിക്ക് സമയം തരണം. ഒരു കാര്യം വ്യക്തമാണ്. ബോർഡിന് അപരിഹാര്യമായ നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നത് മെക്കാനിക്കൽ മീറ്ററുകൾ സ്ഥാപിച്ചിരിക്കുന്നത് ഓടാത്തതുകൊണ്ടാണെന്ന് എല്ലാവരും സമ്മതിക്കും എന്നു കരുതുന്നു. ഞാൻ എല്ലാവരുടേയും സമ്മതം വ്യക്തമാക്കുന്ന ഒരു വാചകം വായിച്ചു കേൾപ്പിക്കാം. 'ബോർഡിന് അപരിഹാര്യമായ നഷ്ടം ഉണ്ടാക്കിക്കൊണ്ട് അനേകം ത്രീ ഫേയ്സ് മീറ്ററുകളും സിങ്കിൾ ഫേയ്സ് മീറ്ററുകളും കേടായി കിടക്കുന്നു. ഇവ ഘട്ടംഘട്ടമായി മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കും. പിന്നീട് കേടായാൽ മാറ്റാനുള്ള ചുമതല ഉപഭോക്താവിനു തന്നെ നൽകും.' ഈ വരികൾ ഇപ്പോൾ പ്രമേയം അവതരിപ്പിച്ചിരിക്കുന്ന പ്രതിപക്ഷം ഭരണപക്ഷത്തായിരുന്നപ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

നയത്തിലുള്ള വാചകങ്ങളാണ്. അതിൽ നിന്ന് അവരിപ്പോഴും മാറി പോകുന്നില്ല എന്നാണ് എന്റെ വിശ്വാസം. ഇന്നലേയും അവരുടെ ഒരു നേതാവ് പറഞ്ഞു, ഇലക്ട്രോണിക് മീറ്ററിനോടല്ല വിരോധം, ഇത് കേടായതിലാണെന്ന്. ഇൻഡ്യയിൽ എല്ലായിടത്തും ഇതൊരു പ്രശ്നമായപ്പോൾ കേന്ദ്ര ഗവൺമെന്റ് ഇതിൽ ഇടപെട്ട് പഴയ മീറ്ററുകൾ മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ വയ്ക്കാൻ സംസ്ഥാനത്തെ സഹായിക്കാം എന്ന നിലപാട് എടുത്തു. 4,000 കോടി രൂപയാണ് കഴിഞ്ഞ വർഷം അതിനും അതിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്കുമായി അനുവദിച്ചത്. അതിൽ 450 കോടി രൂപ നമുക്ക് ലഭിച്ചു. അങ്ങനെയാണ് മൂന്നു ജില്ലകളിലും ഏഴ് നഗരസഭകളിലും പരിപൂർണ്ണമായി മെക്കാനിക്കൽ മീറ്ററുകൾ മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ചത്. തിരുവനന്തപുരവും അതിൽ വരുന്നതാണ്. 12 ലക്ഷം മീറ്ററുകൾ മാറ്റി വച്ചു. അതിൽ പരാതികൾ ലഭിച്ചത് 22,000 മീറ്ററുകളുടെ കാര്യത്തിലാണ്; അതായത് 1.7%. അതിൽ പറഞ്ഞിരിക്കുന്നത് ഒരു തവണ മീറ്റർ മാറ്റി വച്ചാൽ പിന്നെ ആവശ്യമെങ്കിൽ കൺസ്യൂമറുടെ ചെലവിൽ തന്നെ മാറ്റി വയ്ക്കണമെന്നാണ്. എന്നാൽ 18,000 മീറ്ററുകൾ ഞങ്ങൾ തന്നെ മാറ്റി വച്ചു. അവശേഷിക്കുന്ന നാലായിരം രണ്ടു മൂന്നു ദിവസങ്ങൾ കൊണ്ട് മാറ്റി വയ്ക്കും. ഇന്നിപ്പോൾ പത്രങ്ങളിൽ ധാരാളം എഴുതിയിരിക്കുന്നു. എനിക്ക് ആരോടും ആക്ഷേപമില്ല. മലയാള മനോരമയുടെ സർവ്വേ റിപ്പോർട്ട് ഞാൻ അംഗീകരിക്കുന്നു. ആറ് ശതമാനം മീറ്ററുകൾക്കാണ് മിസ്റ്റേക്ക് വന്നത്. ബാക്കിയെല്ലാം മൂന്നു ശതമാനത്തിൽ താഴെ രണ്ടും, ഒന്നും, ഒന്നരയുമാണ്. ഇതെല്ലാം നിയമാനുസൃതം നടത്തുന്ന കാര്യങ്ങളാണ്. കേരളത്തിന് പ്രത്യേകമായി ഒരു നിയമം പറ്റില്ലല്ലോ. എല്ലാ ഇലക്ട്രോണിക് ഉപകരണങ്ങൾക്കും എറർ ഉണ്ട്. അമേരിക്ക മുകളിലേയ്ക്കയച്ച ഉപഗ്രഹങ്ങൾ വരെ താഴോട്ട് വരുന്നു. ഇലക്ട്രോണിക് സംവിധാനങ്ങളെല്ലാം ഇങ്ങനെയാണ്. നമ്മളെല്ലാവരും കെട്ടിയിരിക്കുന്ന വാച്ച് നോക്കിയാൽ എല്ലാം ഒരുപോലെയായിരിക്കില്ല. സെക്കന്റുകളുടെയെങ്കിലും വ്യത്യാസമുണ്ടാകും. അതെല്ലാം അലവബിളാണ്. സെക്ഷൻ 57 അനുസരിച്ച് മാത്രമേ ഞങ്ങൾക്ക് മുന്നോട്ട് പോകാൻ പറ്റുകയുള്ളൂ. നിങ്ങൾ പറയുന്നത് പൂർണ്ണമായും അംഗീകരിച്ചിട്ട് പറയുകയാണ്. അവരെ ആരെയെങ്കിലും കൗൺസൽ ചെയ്താൽ അവർ കേസിനു പോകും. കേസിനു പോയാൽ ഈ നിയമം അനുസരിച്ചാണ് വിധി വരുന്നത്. Indian Electricity Rules, Section 57—Meters maximum demand indicated and other apparatus on consumer's premises. Any meter or a maximum demand indicator or other apparatus placed upon a consumers premise. In accordance with Section 27 shall be of appropriate capacity and shall be deemed to be correct if it limits specifications and where no such specification exists the limits of error do not exceed 3% and above or below, absolute accuracy at loads and excesses of 110th of the full load and.... അതായത് മൂന്നു ശതമാനം വരെ ആകാം. അതിൽ വന്നിരിക്കുന്നത് മൊത്തം നോക്കിയാലും 1.7 ആണ്. മനോരമ നടത്തിയിരിക്കുന്ന സർവ്വേ മുഖവിലയ്ക്കു തന്നെ എടുക്കുന്നു. അത് ശരിയാണെങ്കിൽത്തന്നെയും ഒരു

LIBRARY ARCHIVES Kerala Legislative Assembly

കമ്പനിയുടെ രണ്ടു മീറ്ററുകളിൽ ഒരു മീറ്റർ മോശമാണ്. ബാക്കിയുള്ളതെല്ലാം മൂന്നു ശതമാനത്തിൽ താഴെയാണ്. ആ പത്രത്തെ പൂർണ്ണമായും വിശ്വസിച്ചുകൊണ്ട് പറയുകയാണ് അലാമിങ് സിറ്റുവേഷൻ ഒന്നുമില്ല. അതിൽ പറഞ്ഞിരിക്കുന്ന രീതിയിൽ ഇത്രയും വരും. ജനങ്ങളുടെ പക്ഷത്തു നിന്ന് ഈ പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റും ബോർഡും ശ്രമിക്കുകയാണ്. ഗവൺമെന്റിന്റെ പക്ഷം അല്പം പോലും കുഴപ്പമില്ലാത്ത മീറ്റർ വയ്ക്കണമെന്നാണ്. അതുകൊണ്ട് പരാതികൾ വന്നതെല്ലാം മാറ്റി വയ്ക്കുകയാണ്. ഭാവിയിൽ ഇനി വയ്ക്കുന്ന എല്ലാ മീറ്ററുകളും സ്പെസിഫൈ ചെയ്ത് കൃത്യമായി ഓടുന്നുണ്ടോ എന്ന് പരിശോധിച്ചശേഷം മാത്രമേ വയ്ക്കൂ. ഈ സാഹചര്യത്തിൽ ഒരു സമരവും പ്രക്ഷോഭവുമൊക്കെ തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണെന്നാണ് എനിക്കു തോന്നുന്നത് എന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർമാരേയും സഭയേയും അറിയിക്കുന്നു. അതുകൊണ്ട് ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. എം. വി. ജയരാജൻ: ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുന്നതിന് ഞങ്ങൾ എതിരല്ല. പക്ഷെ, ഗുണനിലവാരമില്ലാത്ത മീറ്ററുകളാണ് ഇവിടെ സ്ഥാപിച്ചത്. അതാണ് വിഷയം. അങ്ങ് ഇവിടെ പറഞ്ഞത് തന്നെ ഞാൻ ഉദ്ധരിക്കട്ടെ. ഇന്നത്തെ മലയാള മനോരമ "സത്യം തേടി മനോരമയുടെ സ്വതന്ത്ര പരിശോധന". "ഇലക്ട്രോണിക് മീറ്ററുകളിൽ മൂന്നിൽ ഒന്നിന് അമിതവേഗം". 28 ലക്ഷം മീറ്ററുകൾ സ്ഥാപിച്ചു. മൂന്നിലൊന്ന് എന്നു പറഞ്ഞാൽ 10 ലക്ഷത്തോളം. എത്ര ലാഘവത്തോടു കൂടിയാണ് 25,000 എന്നു പറഞ്ഞിട്ട് ചുരുക്കിയത്. അങ്ങ് വളരെ സീരിയസായിട്ടാണ് ഇതിനെ കാണുന്നതെങ്കിൽ സർക്കാരും ബോർഡും സമയബന്ധിതമായി ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള മീറ്ററുകളെല്ലാം പരിശോധിക്കാൻ സംവിധാനം ഉണ്ടാക്കുമായിരുന്നു. അത് ചെയ്തിട്ടില്ല. പുതുതായി മീറ്ററുകൾ വാങ്ങാൻ ഓർഡർ കൊടുക്കുകയായിരുന്നു ചെയ്തത്. മനോരമ സർവ്വേ തുടങ്ങിയശേഷം, ഈ ആക്ഷേപങ്ങൾ വന്നതിനു ശേഷം 7 ലക്ഷത്തോളം മീറ്ററുകൾക്ക് ഓർഡർ കൊടുത്തു. അങ്ങ് ഗൗരവമായി ഇത് കണക്കിലെടുക്കുമെന്ന് ഈ സഭയുടെ മുമ്പാകെ പ്രഖ്യാപിച്ചത് ഞങ്ങൾ മുഖവിലയ്ക്കെടുക്കട്ടെ. ഞങ്ങൾ ഇതിൽ മറ്റൊന്നും കാണുന്നില്ല. ഞങ്ങൾ പ്രശ്നം ഇവിടെ അവതരിപ്പിക്കാൻവേണ്ടി മാത്രമാണ് സ്പീക്കറുടെ അനുമതിയോടുകൂടി ഇത് ഉന്നയിക്കുന്നത്. ഇതിനകത്ത് രാഷ്ട്രീയമൊന്നും ഞങ്ങൾ കാണുന്നില്ല. എന്താണ് യാഥാർത്ഥ്യം. ഗുണനിലവാരം കുറഞ്ഞ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ചതുകാരണം ലക്ഷക്കണക്കിന് വരുന്ന ഉപഭോക്താക്കൾ ഇന്ന് ദുരിതത്തിലാണ്. വൈദ്യുതി നിരക്ക് പല മടങ്ങാണ് വർദ്ധിച്ചത്. മിന്നൽ വന്നാൽ പി.ടി. ഉഷയേക്കാൾ വേഗത്തിലാണ് മീറ്ററിന്റെ ഓട്ടം. ഇടി വന്നാൽ മിൽഖാസിംഗിനേക്കാൾ വേഗത്തിലാണ് മീറ്ററിന്റെ ഓട്ടം. കാറ്റ് വന്നാൽ ഒളിമ്പ്യന്മാരെല്ലാം പരാജയപ്പെടും. പൾസ് റേറ്റ് ആയിരക്കണക്കിന് കൂടുകയാണ്. നാല് ട്യൂബ്, രണ്ട് ഫാൻ, ഒരു ഫ്രിഡ്ജ് എന്നിവ ഉപയോഗിച്ച തിനുള്ള ബില്ലിൽ ഒരു ലക്ഷം യൂണിറ്റ്. കഴിഞ്ഞ തവണ 4,00 രൂപ ബില്ലടച്ച വീട്ടുടമയ്ക്ക് അഞ്ച് ഇരട്ടി തുകയാണ് ഇത്തവണ വന്നത്. നങ്ങ്യാർകുളങ്ങര

LIBRARY ARCHIVES Kerala Legislative Assembly

സ്വദേശി കേന്ദ്രഗവൺമെന്റ് ജീവനക്കാരൻ ഗോപാലകൃഷ്ണപിള്ളയ്ക്ക് അഞ്ച് ഇരട്ടിയലധികം ബിൽതുക വന്നപ്പോൾ അദ്ദേഹം ആ ബില്ലു കണ്ട് തരിച്ചിരുന്നു പോയി, ആശുപത്രിയിൽ എത്തിക്കേണ്ടിവന്നു. മാതൃഭൂമിയിൽ വന്ന വാർത്തയാണ്. തോട്ടമണൽ ആമ്പാടിയിൽ രമണന് മൂന്നു മാസത്തെ ബില്ലിൽ 38,889 യൂണിറ്റ്. അവർ ഉപയോഗിക്കുന്നത് മൂന്ന് സി.എഫ്.എൽ.ലാമ്പ്, രണ്ട് ട്യൂബ്, മൂന്ന് ബൾബ്, ഒരു ഫ്രിഡ്ജ്, ഒരു ടി. വി., രണ്ട് ഫാൻ. ഈ മഴക്കാലത്ത് ഫാൻ ഉപയോഗിക്കുന്നില്ല. അവിടെ എല്ലാ റൂമിലും കൊതുകു നശിപ്പിക്കുന്ന യന്ത്രം അവർ വയ്ക്കുന്നു ഇങ്ങനെ പോകുന്നു സ്ഥിതി. നമ്മുടെ റാന്നി എം.എൽ.എ. കഴിഞ്ഞ തവണ 200 യൂണിറ്റായിരുന്നു ഉപയോഗിച്ചിരുന്നത്. ഇപ്പോൾ 6,500 യൂണിറ്റ്. ശ്രീ. എ. കെ. ബാലൻ ഇപ്പോൾ വെള്ളം ചൂടാക്കുന്ന യന്ത്രം എടുത്തു മാറ്റിക്കളഞ്ഞു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇത് ലക്ഷക്കണക്കിന് വൈദ്യുതി ഉപഭോക്താക്കളുടെ പരാതിയാണ്. പാലായിൽ വൽക്കിയുടെ വീട്ടിൽ ഇലക്ട്രോണിക് മീറ്റർ പൊട്ടിത്തെറിച്ചു. ഇന്നലെ ആലക്കോട് മീറ്റർ പൊട്ടിത്തെറിച്ച് ഒരു ഓട്ടോ ഗ്യാരേജ് കത്തിനശിച്ചു. ഇങ്ങനെയുള്ള പരാതികൾ ഉയർന്നുവന്നത് ബോർഡ് ഗൗരവമായി പരിഗണിച്ചില്ല. ഇപ്പോൾ ചിലയിടങ്ങളിൽ ഈ മീറ്റർ മാറ്റിവയ്ക്കാമെന്ന് പറയുന്നുണ്ടല്ലോ. അത് ജനങ്ങളിൽ നിന്ന് കാശ് വസൂലാക്കിയിട്ടാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയല്ല. ഇലക്ട്രോണിക് മീറ്ററിന് വാടകയും ചിലയിടങ്ങളിൽ ശേഖരിച്ചു. ഇപ്പോൾ പ്രഖ്യാപിച്ചപ്രകാരം മീറ്റർ മാറ്റി സ്ഥാപിക്കണമെങ്കിൽ അതിന് അപേക്ഷ കൊടുത്താൽ ഇപ്പോൾ പറയുന്നത് പരിശോധനാഫീസ് വേണമെന്നാണ്. അങ്ങ് അത് അന്വേഷിക്കണം. സിംഗിൾ ഫേസിന് 35 രൂപ ത്രീ ഫേസിന് 60 രൂപ എന്നീ ക്രമത്തിൽ പരിശോധനാ ഫീസ് വേണമെന്നാണ് സെക്ഷൻ ഓഫീസിൽനിന്ന് പറയുന്നത്. മിക്ക വൈദ്യുതി ഓഫീസുകളിലും നാട്ടുകാരും ജീവനക്കാരും തമ്മിലുള്ള സംഘർഷം നിത്യസംഭവമാണ്. മീറ്റർ സ്ഥാപിക്കാൻ എത്തിയവരെ സ്ത്രീകൾ രംഗത്തിറങ്ങി തടയുകയാണ്. ഇന്നലെ ഡി.വൈ.എഫ്.ഐ.-യുടെ നേതൃത്വത്തിൽ വൈദ്യുതി ഭവനുമുമ്പിൽ ചെറുപ്പക്കാരുടെ സമരവും നടന്നു. സ്ഫോടനാത്മകമായ ഒരു സ്ഥിതി വിശേഷമാണ് ഇപ്പോൾ ഇലക്ട്രോണിക് മീറ്റർ സ്ഥാപിച്ച എല്ലാ സ്ഥലങ്ങളിലും നിലനിൽക്കുന്നത്. ഇത്തരം ഒരു സ്ഥിതിവിശേഷം എന്തുകൊണ്ടാണ് ഉണ്ടായത്? ഇലക്ട്രോണിക് മീറ്ററുകൾ ഏകപക്ഷീയമായി അടിച്ചേൽപ്പിച്ച് നിരക്ക് കുത്തനെ ഉയർത്തി അതുവഴി ബോർഡിന് സാമ്പത്തിക നേട്ടം ഉണ്ടാക്കാനാണ് ബോർഡ് പരിശ്രമിച്ചത്. ഇതിനകം സ്ഥാപിച്ച മീറ്ററുകൾ വഴി 200 കോടി രൂപ അധികവരുമാനമുണ്ടായിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു. ഇങ്ങനെ പോയാൽ 900 കോടി രൂപ അധികവരുമാനം ഉണ്ടാക്കാൻ കഴിയും. നാട്ടുകാരുടെ മേൽ പകൽക്കൊള്ള നടത്തിയിട്ടുവേണോ ഇങ്ങനെ ഒരു നടപടി? റഗുലേഷൻ കമ്മിഷൻ വന്നതോടുകൂടി എല്ലാപേരും ആശ്വസിച്ചത് ഇനി വൈദ്യുതി ചാർജ്ജ് ഗവണ്മെന്റ് വർദ്ധിപ്പിക്കുകയില്ല എന്നാണ്. മീറ്ററുകൾ മാറ്റി സ്ഥാപിച്ച് ജനങ്ങളുടെമേൽ 900 കോടി രൂപയുടെ അധികഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. ഗുണനിലവാരം പരിശോധിക്കുന്നതിന് വൈദ്യുതി ബോർഡിന് ഒരു ലബോറട്ടറിയുണ്ട്. തിരുവനന്തപുരത്തെ Meter Testing and

LIBRARY ARCHIVES Kerala Legislative Assembly

Standard Laboratory -യിൽ പരിശോധന നടത്തിയിട്ടില്ല. വൈദ്യുതി ബോർഡ് എന്തുചെയ്തു? 1000-ൽ 32 എണ്ണം Random checking നടത്തിക്കൊണ്ട് ടെസ്റ്റ് സർട്ടിഫിക്കറ്റ് കൊടുത്തു. 10 സ്വകാര്യ കമ്പനികൾ വന്നപ്പോൾ അവർക്ക് ക്വാളിറ്റി വേവ് ചെയ്തുകൊടുത്തു. എന്നിട്ട് കെ.എസ്.ഇ.ബി.-യിൽ തന്നെയുള്ള Quality Assurance Cell-ലെ ഉദ്യോഗസ്ഥന്മാർ മീറ്ററുകൾ പരിശോധിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു. ആ Quality Assurance Cell പരിശോധന ഒഴിവാക്കി. 10 കമ്പനികളിൽ നിന്നാണ് ഇങ്ങനെ മീറ്റർ വാങ്ങിയത്. 72 ലക്ഷം ഉപഭോക്താക്കളുണ്ട്. 1,909,646 മീറ്ററുകൾ ഇതിനകം സ്ഥാപിച്ചു. ഇപ്പോൾ 933,604 മീറ്ററുകൾ സ്ഥാപിച്ചുവരികയാണ്. എ.പി.ഡി.ആർ.പി. എന്ന പദ്ധതിയുടെ ഭാഗമായിട്ടാണ് മെക്കാനിക്കൽ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നത്. ടെണ്ടർ ക്ഷണിച്ച് 60 ദിവസത്തിനകം ഈ മീറ്റർ കൊടുക്കണമെന്നാണ് വ്യവസ്ഥ ചെയ്തത്. അതുകൊണ്ട് ഗുണനിലവാരമുള്ള കമ്പനികൾ പലതും ഈ ടെണ്ടറിൽ പങ്കെടുത്തില്ല. 2 ബ്രാന്റ് നെയിമുകളിൽ അറിയപ്പെടുന്ന ഒരേ കമ്പനിയടക്കം പല കടലാസ് കമ്പനികളുമാണ് കെ.എസ്.ഇ.ബി.-യുമായി കരാറിലേർപ്പെട്ടത്. കൊല്ലത്ത് ഒരു പൊതുമേഖലാസ്ഥാപനമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ജില്ലയാണ്. അവിടെ 7 ലക്ഷത്തോളം മീറ്ററിനു മാത്രമേ ഓർഡർ കൊടുത്തിട്ടുള്ളൂ. ആ 7 ലക്ഷത്തിൽ ആകെ തകരാറ് വന്നിട്ടുള്ളത് ഒരെണ്ണത്തിന് മാത്രമാണെന്നാണ് റിപ്പോർട്ട് വന്നത്. ഇതുപോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മീറ്റർ വാങ്ങാതെ എടുത്ത നടപടിയെക്കുറിച്ച് സി.ആന്റ്.എ.ജി. റിപ്പോർട്ട് വിമർശിക്കുന്നു. 25,000 മീറ്ററുകൾ വാങ്ങിയതിൽ ഒരു കോടിരൂപയുടെ ക്രമക്കേടുണ്ടെന്പോലും സി.ആന്റ്.എ.ജി. റിപ്പോർട്ടിൽ സൂചിപ്പിച്ചു. 10 വർഷത്തെ ഗ്യാരന്റി ഈ കമ്പനികൾ പലതും പറയുന്നുണ്ട്. ഇതിൽ മറ്റൊരു വിഷയമുള്ളത് വൈദ്യുതി മോഷണമാണ്. അങ്ങ് പറഞ്ഞതുപോലെ വൈദ്യുതി മോഷണം തടയാൻ കഴിയുകയില്ലെന്ന് ഇപ്പോൾ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങിക്കുമ്പോൾ കെ.എസ്.ഇ.ബി.-യുടെ വിജിലൻസിന്റെ ഐ.ജി. കൊടുത്ത കുറിപ്പുണ്ടായിരുന്നു. അത് പരിഗണിച്ചില്ല. സ്കാഡ് അംഗങ്ങളെ ഉൾപ്പെടുത്തണമെന്നുള്ള നിർദ്ദേശവും പരിഗണിച്ചില്ല. അങ്ങനെ എല്ലാ നിലയിൽ നോക്കിയാലും ഇവിടെ വൈദ്യുതി മോഷണം തടയാനല്ല ഗുണനിലവാരമില്ലാത്ത മീറ്ററുകൾ വാങ്ങിക്കൂട്ടിയതെന്ന് മനസ്സിലാകും. ഇതൊക്കെയാണ് പ്രശ്നത്തിന് കാരണമായിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറയുന്നതുപോലെ സ്ഥാപിച്ച മീറ്ററുകൾ മുഴുവനും പരിശോധന നടത്തണം. തകരാറുള്ളവ മാറ്റണം. ഇനി മീറ്ററുകൾ പൂർണ്ണമായും പരിശോധിച്ച ശേഷംമാത്രമേ സ്ഥാപിക്കാവൂ. അതുകൊണ്ട്.....

മി. സ്പീക്കർ: ഇതിന്റെ ഇമ്പോർട്ടന്റ്സ് കൊണ്ടാണ് അടിയന്തിര പ്രമേയവിഷയമല്ലെങ്കിലും അനുവദിച്ചത്. അപ്പോൾ ഇങ്ങോട്ടും മര്യാദ കാണിക്കണ്ടേ?

ശ്രീ. എം. വി. ജയരാജൻ: ഇതിലുള്ള മറ്റൊരു വിഷയം അധിക ബിൽ ഈടാക്കിയ വകയിലുള്ള മുഴുവൻ തുകയും തിരിച്ചുകൊടുക്കണം. ബോർഡിന്റെ സ്വന്തം ചെലവിൽത്തന്നെ ഇതിനാവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഒരു പ്രക്ഷുബ്ധാവസ്ഥയാണ് ഇപ്പോൾ സംസ്ഥാനത്ത് നിലനിൽക്കുന്നത്. അതുകൊണ്ട് സഭ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ശ്രീ. മോഹൻകുമാറിന് ഇതേ വിഷയമാണല്ലോ പറയാനുള്ളത്. അദ്ദേഹം ഇന്നത്തേയ്ക്ക് ഇതേവിഷയം സംബന്ധിച്ച് സബ്മിഷൻ കൊടുത്തിരുന്നതാണ്. അപ്പോഴാണ് അടിയന്തിരപ്രമേയം വന്നത്.

ശ്രീ. കെ. മോഹൻകുമാർ: വൈദ്യുതിബോർഡിലെ പല ജനവിരുദ്ധ നയങ്ങൾക്കും പ്രചോദനമായി മാറിയത് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലയളവിൽ പ്രഖ്യാപിച്ച വൈദ്യുതി നയമാണ്. അതിലെ പേജ് 19, 21 എന്നിവ കൂടി സമരം നടത്തുന്ന ബന്ധപ്പെട്ടവർ വായിക്കേണ്ടതാണ്. എങ്കിലും ഇവിടെ പറഞ്ഞ കാര്യങ്ങൾ ഏറെക്കുറെ ശരിയാണ് പരാതി പരിഹരിക്കുന്നതിന് എ.ഇ.-യ്ക്കാണ് ഇപ്പോൾ അധികാരം കൊടുത്തിരിക്കുന്നത്. കൂടുതൽ അധികാരമുള്ള ഉദ്യോഗസ്ഥന്മാർക്ക് പരാതി പരിഹരിക്കുന്നതിനുള്ള ചുമതല നൽകുകയും സ്വന്തം ഉത്തരവാദിത്വത്തിൽ ഗുണമേന്മയുള്ള മീറ്ററുകൾ വാങ്ങി വയ്ക്കാനുള്ള അവകാശം എല്ലാ ഉപഭോക്താക്കൾക്കും നൽകുകയും, അധികമായി പിരിച്ചെടുത്ത തുക വരാനിരിക്കുന്ന ബില്ലിൽ അഡ്ജസ്റ്റ് ചെയ്യാനുള്ള ഉത്തരവ് കൊടുക്കുകയും ചെയ്യണം. ജനവിശ്വാസം വീണ്ടെടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): മീറ്റർ വാങ്ങി ടെസ്റ്റ് ചെയ്ത് അവരവർ തന്നെ സ്ഥാപിക്കുന്നതിൽ ബോർഡിന് ഒരു വിരോധവുമില്ല. അവർ തന്നെ ചെയ്തോട്ടെ. പക്ഷേ അത് ടെസ്റ്റ് ചെയ്യണമല്ലോ? അവരേതെങ്കിലും ഒരു മീറ്റർ വച്ചാൽ പറ്റില്ല. ടെസ്റ്റ് ചെയ്യണം. അതുമാത്രം മതി. 200 കോടി രൂപ ലാഭമുണ്ടാകുമെന്ന് ബഹുമാനപ്പെട്ട ജയരാജൻ പറഞ്ഞു. മുമ്പ് എൽ.ഡി.എഫ്. ഗവൺമെന്റ് അപരിഹാര്യമായ നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞു. ഈ മീറ്ററുകൾ വച്ചാൽ അത് തെറ്റായി റീഡ് കാണിക്കില്ല. മറ്റേത് ഡെഡ് മീറ്റർപോലെയിരിക്കുകയാണ്. ഒരു കൊതുകുതിരി കത്തിച്ചുവച്ചാൽപ്പോലും ഇത് അനങ്ങും. അനങ്ങണമല്ലോ? മറ്റേത് അങ്ങനെയല്ല. നാല് ബൾബ് കത്തിക്കാതെ അനങ്ങില്ല. ഒരു ബൾബ് കത്തിച്ചാൽ മീറ്റർ വർക്ക് ചെയ്യില്ല.

ശ്രീ. ബി. വിജയകുമാർ: മീറ്റർ ബോർഡിലെ ബൾബ് കത്തിയാൽപോലും ഈ ഇലക്ട്രോണിക് മീറ്റർ ഓടും. ഇടിവെട്ടിയാൽ, കൊള്ളിയാൻ മിന്നിയാൽപോലും ഈ മീറ്റർ ഓടും.

ശ്രീ. കടവൂർ ശിവദാസൻ: അങ്ങനെയാണല്ലോ ഇത് മെഷർ ചെയ്യേണ്ടത്. .....(ബഹളം)..... ഞാൻ പറയുന്നത് സാവകാശം കേൾക്കൂ. മീറ്റർ ഓടണമല്ലോ, അതിനല്ലേ വച്ചിരിക്കുന്നത്..... (ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഓർഡർ,.....ഓർഡർ,.....

ശ്രീ. കടവൂർ ശിവദാസൻ : You are a consumer. അങ്ങനെയുണ്ടെങ്കിൽ പരാതി എഴുതിത്തന്നാൽ പരിശോധിക്കാം. 22000 പരാതികളിൽ 18000 മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ട് ഞാൻ പറയുകയാണ്. ഇതിൽ എല്ലാ പരാതികളും പരിശോധിക്കാം.....(ബഹളം).....മറുപടി പറയട്ടെ. ഇതൊരു പൊതുമേഖലാസ്ഥാപനമാണ്. എല്ലാപേർക്കും താൽപര്യമുണ്ടെങ്കിൽ ഇത് നിലനിർത്താം. ഗവൺമെന്റ് മാത്രം വിചാരിച്ചാൽ ഈ പൊതുമേഖലാ സ്ഥാപനത്തെ നിലനിർത്താൻ പറ്റില്ല. ഈ സ്ഥാപനം സ്വകാര്യമേഖലയ്ക്ക് വിടരുതെന്ന് പറഞ്ഞവർ തന്നെ ഇത് തകർക്കരുത്. എന്നാൽ അത് വിധിവൈരുദ്ധ്യമായിരിക്കും. നിങ്ങൾ അങ്ങനെ ആയി എന്നല്ല. ആകരുത്. ഞാനും നിങ്ങളും ആകരുത്. ഇലക്ട്രിസിറ്റി ആക്ട് 2003-ൽ പറയുന്നത് ആർക്കുവേണമെങ്കിലും ഇവിടെ കോംപീറ്റ് ചെയ്ത് for the mere asking, it will have to be granted. ജനറേഷനും പ്രസരണവും സെയിലും മൂന്ന് കാര്യങ്ങളാണല്ലോ ഇവിടെയുള്ളത്? ഇത് മൂന്നും ആര് വന്നു ചോദിച്ചാലും കൊടുക്കും. അതിനാണ് കമ്മീഷനെ ഇവിടെ വച്ചിരിക്കുന്നത്. അങ്ങനെ ഒരു പരിതസ്ഥിതിയിൽ നടക്കുന്നതാണ്. നൂറ് രൂപയ്ക്ക് കറണ്ട് വാങ്ങിയാൽ നമുക്ക് തിരിച്ചുകിട്ടുന്നത് 67 രൂപയാണ്. അതിന് ഉദ്യോഗസ്ഥരെയോ മറ്റുള്ളവരെയോ കുറ്റപ്പെടുത്തിയിട്ട് കാര്യമുണ്ടോ? അതുകൊണ്ട് ഗതികെട്ട് ഈ കാര്യങ്ങൾ പഠിച്ച് എൽ.ഡി.എഫ്. എടുത്ത നയ പ്രഖ്യാപനങ്ങളിൽ ഒന്നാണ് ഈ വാചകം. അപരിഹാര്യമായ നഷ്ടം. ബഹുമാനപ്പെട്ട സഭയെ ഞാൻ അറിയിക്കട്ടെ, ഇപ്പോഴും പത്ത് ലക്ഷം മീറ്ററെങ്കിലും കേടായിട്ടുണ്ട്. പുതിയത് സ്ഥാപിക്കണ്ടെങ്കിൽ വേണ്ട. ഇങ്ങനെ മാറ്റിവച്ചതിൽ എന്തുപറ്റി? ലാഭമുണ്ടായതല്ല. നേരത്തെ ഉണ്ടായിരുന്ന 33 ശതമാനം നഷ്ടത്തിൽനിന്ന് ഏഴ് ശതമാനം, ആറ് ശതമാനത്തിന്റെ കുറവുവന്നു. അത് സ്വാഭാവികമായി വരുമാനത്തിലല്ലേ വരൂ. ഞങ്ങൾ നൂറ് രൂപയ്ക്ക് കറണ്ട് വാങ്ങിയാൽ അതിൽ 67 രൂപയേ കിട്ടുമായിരുന്നുള്ളൂ. അത് ഇപ്പോൾ 77 രൂപയായി എന്നുപറഞ്ഞാൽ ലാഭമല്ല, നഷ്ടത്തിൽ അത്രയും കുറവുവന്നു എന്നതാണ്. ഇത് കുറേക്കൂടി കുറയ്ക്കാതെ ബോർഡിന് ഈ പൊതുമേഖലാ സ്ഥാപനത്തെ നിലനിർത്താൻ കഴിയില്ല. ഉദ്യോഗസ്ഥർക്കോ ബോർഡിനോ ഗവൺമെന്റിനോ കുറ്റമുണ്ടെങ്കിൽ നിങ്ങൾ പറയൂ. അതിനുള്ള അവകാശം സഭയ്ക്കുണ്ട്. സഭയുടെ മുമ്പിൽ ഞാൻ വാശി പിടിക്കില്ല, The will of the people അങ്ങനെയാണെങ്കിൽ, ഇനി ഒരുകാര്യം ഇവിടെ സൂചിപ്പിക്കട്ടെ, ഇൻഡ്യാ മഹാരാജ്യത്ത് നടന്ന എല്ലാ തെരഞ്ഞെടുപ്പിലും ഒരുപക്ഷേ electricity always was a problem, that was discussed almost, എല്ലാ സംസ്ഥാന നിയമസഭകളിലും ഈ കാര്യം വന്നു. ഇലക്ട്രിസിറ്റി എന്നൊരു വിഷയം ഈ തെരഞ്ഞെടുപ്പിൽ ഉണ്ടായിരുന്നില്ല. അതിനുശേഷമാണ് ഇത് ഉണ്ടായത്. എന്ത് ഉണ്ടായാലും അത് പരിഹരിക്കാം. കംപ്ലൈന്റ് ഉള്ളതിന് പരിശോധനാ ഫീസ് റദ്ദ് ചെയ്യാം. ഒരു പരിശോധനാ ഫീസും ഈടാക്കാതെ ഞങ്ങളുടെ ചെലവിൽ മാറ്റി കൊടുക്കാം. പത്ത് കൊല്ലം ഗ്യാരന്റിയുള്ളതുകൊണ്ട് ബോർഡിന് നഷ്ടം വരില്ല. അവരുടെ ചെലവിൽത്തന്നെ നടക്കും. പിന്നെ മീറ്റർ വാങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

കമ്പനികളെക്കുറിച്ച് പറഞ്ഞു. പുതുതായി ഒരു കമ്പനിയിൽനിന്നും ഞങ്ങൾ വാങ്ങിയിട്ടില്ല. ആകെ അഞ്ചാറ് കമ്പനികളല്ലേയുള്ളൂ. അവർതന്നെയാണ് കോൺട്രാക്ടിൽ പങ്കെടുക്കുന്നത്. അവർക്കുതന്നെ നൽകും. മുമ്പൊക്കെ കോൺട്രാക്ടർമാർ കമ്പനികൂടിയിട്ട് 900 രൂപയ്ക്ക് 6000 രൂപയെന്നൊക്കെ എഴുതിവയ്ക്കും. ബോർഡ് ഒരാൾക്ക് കൊടുക്കും. ഇത് ഗവൺമെന്റ് അറിയണമെന്നില്ല. കൊടുത്തിട്ട് നെഗോഷ്യേറ്റുചെയ്ത് പങ്കെടുത്ത എല്ലാപേർക്കും അത് വീതിച്ചുകൊടുക്കും. ഈ രംഗത്തെ എന്റെ പരിചയത്തിന്റെപേരിൽ, പണ്ട് എക്സൈസിലൊക്കെ ഇരുന്നയാളാണ് ഞാൻ. കോൺട്രാക്ടർമാർ നമ്മെ കബളിപ്പിക്കുകയാണ്. ലോവസ്റ്റ് റേറ്റിനേ കൊടുക്കാവൂവെന്ന് കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും നിയമത്തിൽ വ്യവസ്ഥയുണ്ട്. അങ്ങനെ കൊടുത്തപ്പോൾ അത് താഴോട്ടുവന്നു. അല്ലാതെ ഗുണനിലവാരം കുറഞ്ഞതല്ല. യുണൈറ്റഡ് ഇലക്ട്രിക്കൽസിനെപ്പറ്റി ഇവിടെ പറഞ്ഞു. പട്ടിക ഇന്നും ഞാൻ പരിശോധിച്ചു. ഏഴ് ലക്ഷം മീറ്ററുകൾ, ഏറ്റവും കൂടുതൽ വാങ്ങിയത് അവരിൽനിന്നാണ്. അതിൽ കൂടുതൽ ഉണ്ടാക്കുവാൻ അവർക്ക് കഴിയില്ല. അവർ എത്ര പ്രൊഡ്യൂസ് ചെയ്താലും അത് വാങ്ങും. അതിലൊന്നും യാതൊരു പ്രശ്നവുമില്ല. സി. ആന്റ് എ.ജി. തെറ്റിദ്ധരിച്ചാണ് പരാമർശിച്ചത്. ഒരു കോൺട്രാക്ട് കൊടുക്കുമ്പോൾ അത്യാവശ്യം 25 ശതമാനംവരെ അടുത്ത കോൺട്രാക്ട് വരാൻ താമസമുണ്ടെങ്കിൽ കൊടുക്കാമെന്ന് നിയമമുണ്ട്. അങ്ങനെ കൊടുത്തു. അങ്ങനെ കൊടുത്തപ്പോൾ ഞാൻ ഇതിൽ ഇൻട്രൊഡ്യൂസ് ചെയ്ത പുതിയ പരിഷ്ക്കാരങ്ങളുടെ ഫലമായി 900 ആയിരുന്നത് പെട്ടെന്ന് 500 ആയി. ആ 500 ആയത് ലാഭമായി കാണുവാൻ സി.ആന്റ്.എ.ജി.-ക്ക് കഴിഞ്ഞില്ല. എന്നാൽ 25 ശതമാനത്തിന്റെ വ്യത്യാസമുണ്ട്. പൂർവ്വകാലത്ത് നിങ്ങൾക്ക് ആർക്കും ഇത് പറയുവാൻ പറ്റില്ല. എല്ലാ ഭരണകാലത്തും 200 ശതമാനം കൂട്ടിയ കഥകളുണ്ട്. ഞാൻ അതൊന്നും ആരോപണമായി പറയുന്നില്ല. അങ്ങനെയാണ് ഭരണ സംവിധാനത്തിൽ. വരുന്നത്. ഇതിൽ യാതൊന്നുമില്ല. എല്ലാം മെമ്പർമാർ ആഗ്രഹിക്കുന്നതുപോലെ ജനങ്ങളുടെ ഭാഗത്ത് ഒരാളിനും സങ്കടമില്ലാത്ത രീതിയിൽ ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകും. അതിനുവേണ്ട നടപടികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട് ഗുരുതരാവസ്ഥ ഇപ്പോൾ നിലവിലില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ടതില്ല. (അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു).

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന ഈ നിലപാടിനോട് ഞങ്ങൾക്ക് യോജിക്കുവാൻ കഴിയാതെ വന്നിരിക്കുകയാണ്. ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇലക്ട്രോണിക് മീറ്റർ വച്ച വീടുകളിലുള്ളവർക്ക് ഉറക്കമില്ലാത്ത രാത്രികളാണ്. അവർക്ക് ധനനഷ്ടവും മനക്ലേശവുമാണ്. കടിക്കുന്ന പട്ടിയെ പൈസ കൊടുത്ത് വാങ്ങിയ അവസ്ഥയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി ഇതൊക്കെ പരിശോധിച്ച് പരിഹാരം കാണാമെന്നുപറഞ്ഞു. പരിശോധിക്കുവാൻ സംവിധാനമുണ്ടോ? അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 600 ഒഴിവുകളുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ 175 ഒഴിവുണ്ട്. ഇത്രയും എഞ്ചിനീയർമാരില്ലാത്ത സാഹചര്യത്തിൽ ഇത് എങ്ങനെ പരിശോധിക്കും?

മി. സ്പീക്കർ : എന്നിട്ടും നഷ്ടമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : നഷ്ടമാണ്. മന്ത്രിപറഞ്ഞ ഉറപ്പ് നടപ്പാക്കുമെന്ന യാതൊരു പ്രതീക്ഷയും ഞങ്ങൾക്കില്ല. മലയാള മനോരമ പത്രത്തിലെ പരമ്പരയിലും മാതൃഭൂമി പത്രത്തിലെ വാർത്തയിലും ഇതിന്റെ ഗൗരവം പറയുന്നുണ്ട്. ഭരണകക്ഷിയിലെ ബഹുമാനപ്പെട്ട കെ. മോഹൻകുമാറും ബഹുമാനപ്പെട്ട ബി. വിജയകുമാറും തിരുവനന്തപുരം പട്ടണത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.-മാരാണ്. തിരുവനന്തപുരം പട്ടണത്തിന്റെ ഗൗരവാവസ്ഥകൊണ്ടാണ് ഈ എം.എൽ.എ.-മാർക്കുപോലും ഇവിടെ എഴുന്നേറ്റു നിൽക്കേണ്ടിവന്നത്. ഇതു സ്ഥാപിച്ച എല്ലാ പട്ടണത്തിലും ഗുരുതരമായ സ്ഥിതിവിശേഷമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് യാതൊരു കുഴപ്പവുമില്ലായെന്നാണ്. ഈ വകുപ്പിന് ഇപ്പോൾ ഒരു നാഥനില്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുവാൻ കാരണം. കുറച്ചുകാലമായി മന്ത്രിമാർ മാറിക്കൊണ്ടിരിക്കുന്നു. മുഖ്യമന്ത്രി കൈകാര്യം ചെയ്തതിനുമുമ്പ് മറ്റൊരു മന്ത്രിയുണ്ടായിരുന്നു. ആ മന്ത്രിയുടെ ഭരണകാലത്തായിരുന്നു ഇലക്ട്രോണിക് മീറ്റർ വാങ്ങുന്നതിന് വേഗതകൂടിയത്. ഇപ്പോൾ മിറ്റർ പറക്കുന്നതുപോലെതന്നെയാണ് അന്ന് തീരുമാനമെടുത്തതും. അതിന്റെ ഫലമായിട്ട് കൊല്ലത്തുള്ള മീറ്റർ കമ്പനിയിൽനിന്നും ഉള്ളത് മുഴുവൻ വാങ്ങിയെന്ന് മന്ത്രി പറഞ്ഞു. അവിടെ ജീവനക്കാരുടെ എണ്ണം പകുതിയായി വെട്ടിക്കുറച്ചതോടുകൂടി അവർക്ക് ഓർഡർ കൊടുക്കുവാൻ സാധിക്കാതെവന്നു. നമ്മുടെ കെൽട്രോണിനെ.....

മി. സ്പീക്കർ : ഇതിനൊക്കെ ഇപ്പോൾ സ്കോപ്പുണ്ടോ? ഇതൊക്കെ പറഞ്ഞതല്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കെൽട്രോണിനെ അവഗണിച്ചു. ഈ ഗുരുതരമായ സ്ഥിതിവിശേഷമുണ്ടായതിന് കാരണം ഈ ഗവൺമെന്റ് മാത്രമാണ്. ഇലക്ട്രോണിക് മീറ്റർവച്ചതിനെയല്ല ഞങ്ങൾ എതിർത്തത്. ആ മീറ്റർ സ്ഥാപിച്ചതിലുണ്ടായ അപാകതകാരണം ഉപഭോക്താക്കൾ ഇന്ന് ഏറ്റവും ഗുരുതരമായ സ്ഥിതിവിശേഷത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. ബിൽ എത്രയാണ് വരാൻ പോകുന്നതെന്ന് ആർക്കും അറിയില്ല. കൊച്ചിയിലെ ഒരു ഉപഭോക്താവിന്റെ കാര്യം മാതൃഭൂമി പത്രത്തിൽവന്നു. ഒരു ലക്ഷം യൂണിറ്റാണ് ഒരു ദിവസം ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്. അതുപോലെ നെയ്യാറ്റിൻകരയിലെ കാര്യം പറഞ്ഞു. ആക്ഷേപവുമായി ചെന്നാൽ തുക കുറച്ചുകൊടുക്കുകയാണ്. 2000 രൂപയുടെ ബില്ല്കിട്ടി പരാതിപ്പെട്ടപ്പോൾ അത് 94 രൂപയായി. യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നാഥനില്ലാത്ത സ്ഥിതിയിലേയ്ക്ക് ഇലക്ട്രിസിറ്റി വകുപ്പ് എത്തിയതിന്റെ ഫലമായിട്ടാണ് സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് ഇങ്ങനെയുള്ള ഗുരുതര സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്. അതുകൊണ്ട് ഈ തീരുമാനം പൂർണ്ണമായി പിൻവലിക്കുവാൻ തയ്യാറാകാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

മി. സ്പീക്കർ: ഇതിനും വാക്കൗട്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞങ്ങൾ എത്ര സഹകരിച്ചാലും ഗവൺമെന്റ് സഹകരിക്കില്ല. ഇന്നലെ മന്ത്രിയോട് ഒരു ചോദ്യം ചോദിക്കുവാൻ ശ്രമിച്ചപ്പോൾ സമ്മതിച്ചോ?

മി. സ്പീക്കർ: ഇതിനൊക്കെ നിങ്ങൾക്ക് അവകാശമില്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്രതിപക്ഷത്തിന് ഉഷാർപോര, ചർച്ച പോരെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്.

മി. സ്പീക്കർ: വാക്കൗട്ടാണെന്ന് അറിഞ്ഞിരുന്നുവെങ്കിൽ ഞാൻ ഇത് അനുവദിക്കില്ലായിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഞങ്ങൾ ആ തീരുമാനം എടുക്കുവാൻ നിർബന്ധിതരായിരിക്കുകയാണ്.

(ശ്രീ. കോടിയേരി ബാലകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭവിട്ട് പുറത്തുപോവുകയും അല്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാവുകയും ചെയ്തു.)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കഴിഞ്ഞ ദിവസങ്ങളിലൊന്നും ഞങ്ങൾ അടിയന്തിരപ്രമേയം അവതരിപ്പിച്ചിട്ടില്ല വളരെ പ്രധാനപ്പെട്ട വിഷയമായതുകൊണ്ട് അങ്ങയുടെ അനുവാദത്തോടുകൂടി.....

10 a.m.]

മി. സ്പീക്കർ: .ഇത് അടിയന്തിരപ്രമേയത്തിനുള്ള പ്രധാനപ്പെട്ട വിഷയമൊന്നുമല്ല. എല്ലാ ജനങ്ങളേയും ബാധിക്കുന്ന പ്രശ്നമെന്നുള്ളതുകൊണ്ട് എന്റെ കൺസെഷനായിട്ട് അനുവദിച്ചതാണ്. അടിയന്തിര പ്രമേയവിഷയമൊന്നുമല്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ: ഇന്നലെ വ്യവസായവകുപ്പുമന്ത്രി സഭയിൽ സംസാരിച്ചപ്പോൾ മീറ്റർ കമ്പനി.....

മി. സ്പീക്കർ: ഉന്നയിക്കട്ടേ എന്നു കരുതി സമ്മതിച്ചതാണ്.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ഓരോ മീറ്ററും പരിശോധിച്ചിട്ടേ വയ്ക്കുകയുള്ളൂ എന്നു ഞാൻ പറഞ്ഞു. ഇപ്പോൾ മീറ്റർ വയ്ക്കുകയില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: അങ്ങനെയല്ല പറഞ്ഞത്...(ബഹളം)....ഞങ്ങൾ പറയുന്നത് കേൾക്കുക.....

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): സർ, ബഹുമാനപ്പെട്ട മന്ത്രി വളരെ വ്യക്തമായ മറുപടി നൽകിയിട്ടും സഭയിൽ വാക്കൗട്ട് നടത്തുന്നത് രാഷ്ട്രീയപ്രേരിതമല്ലേ? ...(ബഹളം) .....

മി. സ്പീക്കർ: വാക്കൗട്ട് ചെയ്യണമെന്ന് തീരുമാനിച്ചിട്ട് വന്നാൽ വാക്കൗട്ട് ചെയ്യാതിരിക്കാൻ പറ്റുമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: വ്യക്തമായ മറുപടി എന്ന് നിങ്ങൾക്ക് തോന്നിയാൽ മതിയോ? ഞങ്ങൾക്ക് അങ്ങനെ തോന്നിയിട്ടില്ല. നമ്മൾ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ട്.....(ബഹളം).....നിങ്ങൾക്ക് തൃപ്തികരമായ മറുപടിയാണെങ്കിലും ഞങ്ങൾക്ക് തൃപ്തികരമല്ല. കേരളത്തിൽ മൂന്നു ജില്ലകളിലും ഏഴ് നഗരസഭകളിലും, നടപ്പിലാക്കിയതും കേരളം മുഴുവൻ നടപ്പാക്കുന്നതുമായ ഈ പദ്ധതിയിൽ അപാകതകളുണ്ട്. ജനങ്ങൾക്ക് അധികമായി സാമ്പത്തിക ബാധ്യത, വലിയ തോതിലുള്ള അഴിമതി ഇതൊക്കെ ചൂണ്ടിക്കാണിച്ചാൽ തൃപ്തികരമായ മറുപടിയാണ്, ഞങ്ങളൊക്കെ ഇവിടെ ഇരുന്നുകൊള്ളണമെന്നു പറഞ്ഞാൽ ഞങ്ങൾ ഇവിടെ ഇരിക്കണമോ? ഭരണകക്ഷിയിൽപ്പെട്ട എം.എൽ.എ.-മാരും ശക്തമായി അവരുടെ അഭിപ്രായം ഇവിടെ പറഞ്ഞില്ലേ? കേരളത്തിലെ ജനങ്ങളുടെ അതിശക്തമായ വികാരമാണ് മാതൃഭൂമി, മനോരമ തുടങ്ങിയ മുഴുവൻ പത്രങ്ങളും പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതൊക്കെ നിസ്സാരമായി കണ്ടാൽ മതിയോ?..... (ബഹളം)..... ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ സംസ്ഥാനകമ്മിറ്റി കൂടി അതിന്റെ കൺവീനറായിട്ടുള്ള സഖാവ് പാലൊളി മുഹമ്മദ് കുട്ടി, അദ്ദേഹം എൽ.ഡി.എഫ്-ന്റെ സ്റ്റേറ്റ് കൺവീനറാണ്. അദ്ദേഹം പറഞ്ഞത് ഈ വിഷയത്തിൽ അതിശക്തമായ പ്രക്ഷോഭത്തിലേയ്ക്ക് പോകുകയാണെന്നാണ്. അല്ലാതെ ഏതെങ്കിലും ഒരു നേതാവല്ല പറഞ്ഞത്. അതിനെ നിസ്സാരമായിട്ട് ബഹുമാനപ്പെട്ട മന്ത്രി എടുക്കരുത്.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): ഇന്നത്തെ നിലയിൽ ഞങ്ങൾ അത് നിർത്തിവച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ: നിർത്തിവച്ചാൽ മാത്രം പോരാ. പരിഹാരമുണ്ടാക്കണം. നഷ്ടപരിഹാരം കൊടുക്കണം.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): ഇപ്പോൾ വച്ച മീറ്ററുകളിൽ കുഴപ്പമുള്ളത് ഞങ്ങൾ മാറ്റിവച്ചു കൊടുക്കും. അതിന് നഷ്ടപരിഹാരം കൊടുക്കും. ഓരോ മീറ്ററും പരിശോധിച്ച് ശരിയാണെങ്കിൽ മാത്രമേ വയ്ക്കുകയുള്ളൂ.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഇതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി എടുക്കണം. അഴിമതിക്ക് കൂട്ടു നിന്നവരുടെ പേരിൽ നടപടി എടുക്കണം. മീറ്റർ കമ്പനിയെ തകർത്തുകൊണ്ട് ഉത്തരേന്ത്യൻ കമ്പനികൾക്ക് അഴിമതി നടത്താനുള്ള അവസരം കൊടുത്തിരിക്കുകയല്ലേ? അതുകൊണ്ട് നടപടി മാത്രമല്ല, ശക്തമായ അന്വേഷണവും വേണം. ഇത് ആവർത്തിക്കാൻ പാടില്ല. ശക്തമായ വികാരം ഇവിടെ പ്രകടിപ്പിക്കുകയാണ്. ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോവുകയും അല്പ സമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാവുകയും ചെയ്തു.)

ഡോ. എ. നീല്ലോഹിതദാസൻ നാടാർ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ആമുഖ പ്രസ്താവന, ശ്രീ. എം. വി. ജയരാജന്റെ അടിയന്തിര പ്രമേയത്തിന് അനുമതി ചോദിച്ചുകൊണ്ടുള്ള പ്രസംഗം, വീണ്ടുമുള്ള മന്ത്രിയുടെ മറുപടി, പത്രറിപ്പോർട്ടുകൾ എന്നിവ ഈ പ്രശ്നം സംബന്ധിച്ച സംശയങ്ങൾ വർദ്ധിപ്പിച്ചിരിക്കുകയാണ്. തൃപ്തികരമായ വ്യക്തതയുണ്ടായിട്ടില്ല. അതുകൊണ്ടു തന്നെ ഈ കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടത് ആവശ്യമാണ്. ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥന്മാരായ എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർ, അസിസ്റ്റന്റ് എൻജിനീയർമാർ എന്നിവരുടെ വീടുകളിൽ ഇലക്ട്രോണിക് മീറ്റർ വച്ചിട്ടില്ല എന്നുള്ള ആക്ഷേപവും ഉണ്ടായിട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷിക്കണം. ഇതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്യണം. പൊതുമേഖലാ സ്ഥാപനങ്ങളായ കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കെൽട്രോൺ എന്നിവിടങ്ങളിൽ നിന്ന് മീറ്റർ വാങ്ങാനുള്ള തീരുമാനം ഗവൺമെന്റ് നയപരമായി എടുക്കണം. സ്വകാര്യ കമ്പനികളിൽ നിന്ന് വാങ്ങുന്നത് കഴിയുന്നതും ഒഴിവാക്കണം. ഈ വക വിശദാംശങ്ങൾ ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകാത്ത സാഹചര്യത്തിൽ ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഡോ. എ. നീലലോഹിതദാസൻ നാടാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോവുകയും അല്പ സമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരാവുകയും ചെയ്തു.)

ശ്രീ. എ. എ. അസീസ്: സർ, എന്റെ നിയോജകമണ്ഡലത്തിലാണ് യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് എന്ന കമ്പനി സ്ഥിതി ചെയ്യുന്നത്. ആ കമ്പനിയിലെ തൊഴിലാളികളുടെ രണ്ടു നേതാക്കന്മാരാണ് ഇവിടെയുള്ള രണ്ടു മന്ത്രിമാർ. ആക്കാര്യം ഇന്നലെ ഇവിടെ സൂചിപ്പിച്ചു. അവിടെ ഉൽപ്പാദിപ്പിക്കുന്ന മീറ്റർ മുഴുവൻ വാങ്ങുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയല്ല. അവിടെ ഉൽപ്പാദിപ്പിക്കുന്ന മീറ്ററുകൾ ലോകമാർക്കറ്റിൽ ടെണ്ടർ വിളിക്കുമ്പോൾ കുറഞ്ഞ നിരക്കിൽ ഉൽപ്പാദിപ്പിച്ചു നൽകാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന അവസരത്തിൽ, അവിടത്തെ എല്ലാ ട്രേഡ് യൂണിയൻ നേതാക്കന്മാരും ഞാനുമായി നേരിട്ട് കണ്ട് നിവേദനം കൊടുത്ത സന്ദർഭത്തിൽ പറഞ്ഞതാണ്. അന്ന് മുഖ്യമന്ത്രി പവർ സെക്രട്ടറിക്ക് ഈ നിവേദനം കൊടുത്തു. പവർ സെക്രട്ടറി ഒരു ലക്ഷം മീറ്റർ വാങ്ങാമെന്നു പറഞ്ഞ് മുഖ്യമന്ത്രിക്ക് ഫയൽ കൊടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിട്ടു. ഇതുവരെ ബോർഡ് ചെയർമാൻ അനുവാദം കൊടുത്തിട്ടില്ല. മുഖ്യമന്ത്രി പറഞ്ഞാലും മന്ത്രി പറഞ്ഞാലും കേൾക്കാത്ത ഇലക്ട്രിസിറ്റി ബോർഡിന്റെ ചെയർമാൻ ഉത്തരവ് കൊടുത്തിട്ടില്ല. ഏറ്റവും കുറഞ്ഞ റേറ്റിന് ഈ പൊതുമേഖലാസ്ഥാപനം മീറ്ററുകൾ തരാമെന്നു പറഞ്ഞിട്ട് അതിന് ഉത്തരവ് കൊടുക്കാതെ ഇവിടെ പറയുന്നു മീറ്റർ കമ്പനിയെ സംരക്ഷിക്കാമെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ സംരക്ഷിക്കുമെന്നാണ് പറയുന്നത്? ഇങ്ങനെ കളവു പറഞ്ഞിട്ട് കാര്യമുണ്ടോ? ആ മീറ്റർ കമ്പനിയിലെ യൂണിയന്റെ രണ്ടു നേതാക്കന്മാരാണ് ശ്രീ. കടവൂർ ശിവദാസനും ശ്രീ. ബാബു ദിവാകരനും. മീറ്റർ കമ്പനി തൊഴിലാളികളെ വഞ്ചിക്കുകയാണ് ഇവർ ചെയ്തത്. അതുകൊണ്ടാണ് ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോവുകയും അല്പ സമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാവുകയും ചെയ്തു.)

III. ശ്രദ്ധക്ഷണിക്കൽ

(1) വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ടി. കെ. ബാലൻ: സർ, നമ്മുടെ സംസ്ഥാനത്തുനിന്നും വിദേശത്ത് ജോലി തേടി പോകുന്ന ചെറുപ്പക്കാർ വളരെയേറെ വിഷമങ്ങൾ അനുഭവിക്കുന്ന ഒരു പ്രശ്നത്തിലേയ്ക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. വിദേശത്ത് ഇന്ന് ഏകദേശം 30 ലക്ഷത്തോളം മലയാളികൾ ജോലിയെടുക്കുന്നു. ഇതിൽ 25 ലക്ഷം മലയാളികളും ഗൾഫിലാണ് ജോലിയെടുക്കുന്നത്. യു.എ.ഇ.-യിലാണെങ്കിൽ ഇപ്പോൾ ജോലി തേടി പോകുന്ന ആളുകളുടെ സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യണമെന്നുള്ള ഒരു പ്രത്യേക നിബന്ധന വന്നിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ വേണ്ടവിധത്തിലുള്ള ഇടപെടൽ ഇല്ലാത്തതുകൊണ്ടാണ് യു.എ.ഇ-യിൽ ഇത്തരത്തിൽ ഒരു നിബന്ധന ഇൻസിസ്റ്റ് ചെയ്യുന്നത്. യു.എ.ഇ.-യിലാണെങ്കിൽ ആകെ 1.2 മില്ല്യൻ ജനങ്ങളേയുള്ളൂ. അതിൽ 80 ശതമാനവും ഇൻഡ്യാക്കാരാണ്. അതിൽത്തന്നെ ബഹുഭൂരിപക്ഷവും മലയാളികളാണ്. വിശേഷിച്ചും അബുദാബി, ദുബായ്, ഷാർജ മുതലായ യു.എ.ഇ.-യിൽപ്പെടുന്ന സ്ഥലങ്ങളിൽ ബഹുഭൂരിപക്ഷവും വിദേശികളായി ജോലിക്കു വരുന്നവർ മലയാളികളാണ്. യു.എ.ഇ.-യിലേയ്ക്ക് പോകാൻ ഇന്ന് സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യണമെന്നുള്ള നിബന്ധന വന്നിട്ടുള്ളത് വളരെയേറെ വിഷമതകൾ സൃഷ്ടിച്ചിരിക്കുകയാണ്. വിദേശകാര്യ വകുപ്പ് നേരത്തേ തന്നെ താൽപ്പര്യമെടുത്തിരുന്നുവെങ്കിൽ, ഇടപെട്ടിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള നിബന്ധനയിൽ കാര്യമായ ഇളവുകൾ നമുക്ക് ലഭിക്കുമായിരുന്നു. പക്ഷേ നോർത്ത് ഇൻഡ്യയിൽ പ്രവർത്തിക്കുന്ന മലയാളി വിരുദ്ധലോബി വളരെ ശക്തമാണ്. എല്ലാ മേഖലകളിലും ഇത്തരത്തിലുള്ള ലോബികളുണ്ട്. അവരുടെ ഇടപെടലിന്റെ ഭാഗമായിട്ടാണ് യു.എ.ഇ.-ലേയ്ക്ക് പോകുന്ന ആളുകൾക്ക് ഇത്തരത്തിലുള്ള വിഷമം ഇന്ന് നേരിടുന്നത്. ഇതു പരിഹരിക്കാൻ വേണ്ടി നോർക്ക കഴിയുന്നിടത്തോളം ശ്രമിച്ചുവരുന്നുണ്ട്. അതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെ എച്ച്.ആർ.ഡി.(ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്) ഡിപ്പാർട്ട്മെന്റിലെ നാല് ഉദ്യോഗസ്ഥന്മാർ, അറ്റസ്റ്റേഷനു വേണ്ടി ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly